# കേരളത്തിന് ഇക്കൊല്ലവും ദേശീയ ഊർജ്ജ കാര്യക്ഷമതാ പുരസ്കാരം

ദേശീയ ഊർജ കാര്യക്ഷമതാ പുരസ്‌കാരം ഏറ്റുവാങ്ങി കേരളം. ബഹു. കേന്ദ്ര ഊർജ്ജവകുപ്പ് മന്ത്രി ആർ കെ സിങ്ങിൽനിന്നും കേരള ഊർജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആർ കെ സിൻഹ IAS പുരസ്‌കാരം ഏറ്റുവാങ്ങി.

സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ഊർജ്ജ കാര്യക്ഷമത വിലയിരുത്തുന്ന ദേശിയ ഊർജ്ജ കാരേ്യക്ഷമത സൂചികയിൽ ഗ്രൂപ്പ് രണ്ട് വിഭാഗത്തിലാണ് കേരളത്തിന് പുരസ്കാരം ലഭിച്ചത്. 53 പോയിന്റുമായി ഈ വിഭാഗത്തിൽ കേരളം രണ്ടാം സ്ഥാനം സ്വന്തമാക്കി. 58 പോയിന്റുമായി പഞ്ചാബ് ഗ്രൂപ്പിൽ ഒന്നാം സ്ഥാനത്തെത്തി. കാർഷിക രംഗം, വൈദ്യുത വിതരണരംഗം, ഗതാഗതം, വ്യവസായികരംഗം, ഗാർഹികരംഗം എന്നീ മേഖലകളിലെ ഊർജ്ജ കാര്യക്ഷമത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് കേരളത്തിന് പുരസ്‌കാരം ലഭിച്ചത്.